വാട്ടർ ചാർജ്ജിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക

55 (219) ശ്രീ. വി. ജെ. പൗലോസ് :
ശ്രീമതി റോസമ്മ ചാക്കോ;
ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിക്ക് വാട്ടർ ചാർജ്ജിനത്തിൽ എന്തു തുക കുടിശ്ശികയായി പിരിഞ്ഞു കിട്ടാനുണ്ട് ;

(ബി) ഈ തുക പിരിച്ചെടുക്കുവാൻ വാട്ടർ അതോറിറ്റിക്ക് എന്തെല്ലാം സംവിധാനങ്ങളുണ്ട് ;

(സി) ഉപഭോക്താക്കൾക്ക് കുടിശ്ശിക സംബന്ധിച്ച വിവരം നൽകാറുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അവർ കുടിശ്ശിക അടയ്ക്കുന്നത് എപ്രകാരമെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിക്ക് വാട്ടർ ചാർജ്ജിനത്തിൽ 31-1-1999 വരെ ഗാർഹികം, ഗാർഹികേതരം, വ്യാവസായികം എന്നീ വിഭാഗം ഉപഭോക്താക്കളിൽ നിന്നും 4435.21 ലക്ഷം രൂപ പിരിഞ്ഞു കിട്ടാനുണ്ട്. ഇത് കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും 7472.77 ലക്ഷം രൂപയും പിരിഞ്ഞ് കിട്ടാനുണ്ട്.

(ബി) കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കൾക്ക് നിയമാനുസൃതം നോട്ടീസ് നൽകുകയും വാട്ടർ ചാർജ്ജ് അടയ്ക്കാത്ത പക്ഷം കണക്ഷൻ വിച്ഛേദിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ എടുക്കുന്നുണ്ട്. എന്നാൽ മെഡിക്കൽ കോളേജുകൾ, ആശുപത്രികൾ എന്നിവയുടെ കാര്യത്തിൽ കണക്ഷൻ വിച്ഛേദിക്കാറില്ല. മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ, മെഡിക്കൽ കോളേജുകളുടെ പ്രിൻസിപ്പൾമാർ, ഹെൽത്ത് സർവ്വീസ് ഡയറക്ടർ എന്നിവർക്ക് കുടിശ്ശിക അടയ്ക്കണമെന്ന് കാണിച്ച് കത്തുകൾ അയച്ചിട്ടുണ്ട്. ജില്ലാ പ്രസിഡന്റുമാർ, നഗരസഭാ അദ്ധ്യക്ഷൻ എന്നിവർക്കും കത്തുകൾ അയച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള തുകയ്ക്ക് ബില്ലുകൾ നൽകുന്നുണ്ട്. ഇപ്പോൾ സർക്കാർ നിർദ്ദേശമനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അർഹമായ സ്റ്റാമ്പ് ഡ്യൂട്ടി വിഹിതത്തിന്റെ 25% കുറവു ചെയ്ത് വാട്ടർ അതോറിറ്റി വാട്ടർ ചാർജ്ജിനത്തിൽ ലഭ്യമാക്കുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) ഏതെങ്കിലും കാരണവശാൽ ഉപഭോക്താവിന് നോട്ടീസ് ലഭിക്കാത്ത പക്ഷം ബന്ധപ്പെട്ട സെക്ഷൻ ആഫീസിൽ നിന്നും കുടിശ്ശിക സംബന്ധിച്ച വിവരം ലഭിക്കുന്നതും കുടിശ്ശിക അടയ്ക്കാവുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly